# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No. 30/PR/PIC/PHQ/18     Date : 14.02.2018

---

**പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് – നടപടിക്രമങ്ങൾ ലഘൂകരിച്ചു, അപേക്ഷാഫീസ് 500 രൂപയാക്കി കുറച്ചു.**

യു എ ഇ യിൽ ജോലി തേടുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. അപേക്ഷാഫീസ് ആയിരം രൂപയായിരുന്നത് 500 രൂപയാക്കി കുറച്ചു.

പുതിയ നടപടിക്രമമനുസരിച്ച് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വ്യക്തി ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷിക്കുന്ന സ്റ്റേഷനിലെ എസ്.എച്ച്. ഒ. ആണ് ഇനിമുതൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നല്കുക. അപേക്ഷയോടൊപ്പം മേൽവിലാസവും ജനനത്തീയതിയും തെളിയിക്കുന്നതിന് റേഷൻകാർഡ്, വോട്ടർ ഐഡി കാർഡ്, എസ്.എസ്.എൽ.സി. ബുക്ക് എന്നിവയിലേതെങ്കിലും രേഖ, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണെന്നതിനു തെളിവായുള്ള കത്ത് /രേഖ , പാസ്പോർട്ടിന്റെ പകർപ്പ് ലഭ്യമാണെങ്കിൽ അത്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയും ഹാജരാക്കണം. അപേക്ഷാഫീസായ 500 രൂപ സ്റ്റേഷനിൽ സ്വീകരിക്കും. പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ അപേക്ഷാ ഫീസ് സ്വീകരിച്ച് ടി.ആർ. 5 രസീതു നല്കണം. ഈ ഫീസ് സമാനമായ മറ്റു ഫീസുകൾ സ്വീകരിക്കുമ്പോൾ ചെയ്യുന്നതുപോലെ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിൽ അടയ്ക്കണം.

അപേക്ഷ സ്വീകരിച്ച് മൂന്നു ദിവസത്തിനുള്ളിൽ ആവശ്യമായ പരിശോധനകൾക്കു ശേഷം ബാധകമായ കാലയളവിലേക്ക് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എസ് എച്ച് ഒ ഒപ്പിട്ട് തന്റെ ഔദ്യോഗിക സീൽ പതിപ്പിച്ച് നല്കണം.

സർട്ടിഫിക്കറ്റിനായുള്ള പ്രോഫോർമ കേരള പോലീസ് വെബ്സൈറ്റിൽ ലഭ്യമാണ്. അച്ചടിച്ച പ്രോഫോർമ ലഭ്യമാകുന്നതുവരെ സ്റ്റേഷനുകളിൽ ഈ മാതൃകയിൽ എ4 സൈസ് ബോണ്ട് പേപ്പറിൽ സർട്ടിഫിക്കറ്റ് നല്കണം.

യു.എ.ഇയിൽ ജോലി തേടുന്നവർക്കാണ് പുതിയ നിർദേശങ്ങൾ ബാധകം. മറ്റു രാജ്യങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്ക് ഇപ്പോൾ നിലവിലുള്ള രീതി തന്നെ പിന്തുടരണം. എന്നാൽ ഇവയ്ക്കുള്ള ഫീസ് ഇനിമുതൽ 500 രൂപയായിരിക്കും.

**********